# മാതൃകാചോദ്യപേപ്പർ

STD 7 – കേരളപാഠാവലി, UNIT 1

Score – 25,

Time – 45 minutes

താഴെ തന്നിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ച് പ്രവർത്തനം ചെയ്യണം. ഒന്നാമത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം.

(1) സുഗതകുമാരിയുടെ ലേഖനം വായിച്ചല്ലോ! "ഭൂമിക്കു വേണ്ടിയൊരു ലാവണ്യദൃശ്യോത്സവം" – പ്രകൃതി ഒരുക്കുന്ന പുഷ്പോത്സവമാണ് അവിടെ വർണ്ണിക്കുന്നത്. നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതിക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു പുഷ്പോത്സവം സംഘടിപ്പിക്കുക. പുഷ്പോത്സവത്തിന് ക്ഷണിച്ചുകൊണ്ടുള്ള ഒരു നോട്ടീസ് തയ്യാറാക്കുക (5)

2. താഴെ തന്നിട്ടുള്ള പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

"ഓരോ മലരിലുമോരോ
തളിരിലും-
മോടിക്കുഴലുകളൂതെ നേത്രമേ നീ.
ഉദ്യാനദേവത താൻ തന്നെ
ശില്പിയോ ഹൃദ്യമാമീ
മണിത്തൊട്ടിലിലേവൻ
അഞ്ചുവയസ്സായ
പൊൻകിടാവായ് ചമ-
ഞ്ഞഞ്ചിതകേളികളാടി വാഴ്‌വൂ"

A) ഓരോ മലരിലും ഓരോ തളിരിലും കോടിക്കുഴലുകളൂതെ എന്ന് ആരോടാണ് പറയുന്നത്?
(കവിയോട്, കൈകളോട്, നേത്രത്തോട്, കാലുകളോട്)

B) മണിത്തൊട്ടിലിലിരിക്കുന്നത് ആരാണ്?
(കുട്ടി, കവി, വണ്ട്, ഉദ്യാനദേവത)



C) കവിതയിൽ പറയുന്ന പൊൻകിടാവിന് എത്ര വയസ്സാണ്?
(ആറ്, അഞ്ച്, നാല്, മൂന്ന്)

D) "ചമഞ്ഞ്" - എന്നതിന് യോജിച്ച അർത്ഥം ഏതാണ്?
(കിടന്നു, ഒരുങ്ങി, ~~[illegible]~~, നടന്നു, ഇരുന്നു)

E) ഈ കവിതക്ക് ഉചിതമായ ശീർഷകം തിരഞ്ഞെടുക്കൂ
(പൂന്തോട്ടം, പൊൻകണി, കളിസ്ഥലം, ഉദ്യാനദേവത)

(5)

3. സൂചനകളും ചിത്രവും നോക്കി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

ചിത്രം :

a) സൂചനകൾ : കേരളകലാമണ്ഡലം
കേരളവാല്മീകി, ദേശസ്നേഹം, വള്ളത്തോൾ
കഥകളി പോഷണം
ആധുനിക കവിത്രയം, ശബ്ദസുന്ദരൻ (4)
സാഹിത്യമഞ്ജരി, ബന്ധനസ്ഥനായ അനിരുദ്ധൻ

b) 'ലാവണ്യം' എന്ന പദത്തിനോട് ചേരാത്ത അർത്ഥം ഏത്? (1)
(ഭംഗി, അഴക്, അപൂർണ്ണത, സൗന്ദര്യം)

4) "മഴക്കാറ്റുകൊണ്ട്
മഴത്തുള്ളി വീണു
a) മരച്ചോട്ടിലെങ്ങോ
മഴത്തുള്ളി തൊട്ടു."
(വനപർവ്വം - ജി കുമാരപിള്ള)

മഴത്തുള്ളി തൊട്ടപ്പോൾ എന്ത് ഇന്ദ്രജാലമാണ് മരത്തിൽ സംഭവിച്ചത്? ഊഹിച്ചെഴുതുക (4)

b) കുറിഞ്ഞിപ്പൂക്കൾ എത്ര വർഷം കൂടുമ്പോഴാണ് പൂക്കുന്നത്?
(13, 14, 12, 11)



5. ചിക്കലു നല്ല കുട്ടിയാണ് അല്ലേ? ചിക്കലുവിന്റെ കഥാപാത്ര
a) നിരൂപണം നടത്തുക. കുറിപ്പായോ പദസൂര്യനായോ തയ്യാറാക്കാം.
സൂചനകൾ: സ്നേഹം, സഹജീവികളോട് കരുണ, മനോഭാവം, സ്വാതന്ത്ര്യബോധം. (4)

(b) ചിക്കലു തുറന്നു വിട്ടത് ഏത് പക്ഷിയെയാണ്?
(തത്ത, അരയന്നം, മൈന, ബുൾബുൾ)

---

6. ചിക്കലുവിന്റെ ഡയറി തയ്യാറാക്കിയ അവന്റെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ എന്തൊക്കെയാണ് അവൻ എഴുതിയത്? സങ്കല്പിച്ചെഴുതുക (5)

# മാതൃകാ ചോദ്യപേപ്പർ - 2

STD 7 - കേരളപാഠാവലി
UNIT : 2
SCORE : 25
TIME : 45 MINUTE

താഴെ തന്നിട്ടുള്ള 6 പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കി 5 പ്രവർത്തനം എഴുതിയാൽ മതി.

1) ഖണ്ഡിക വായിച്ച് ഉത്തരം എടുത്തെഴുതുക.

"തങ്ങൾക്കിഷ്ടസമയത്തിലെല്ലാം സ്വതന്ത്രമായി മുഴുകാൻ കുട്ടികൾക്ക് ധാരാളം സമയം ലഭിക്കണമെന്ന് മാസ്റ്റർ കരുതി. അതുകൊണ്ട് ക്ലാസ്സ് കഴിഞ്ഞുള്ള ഈ വിശ്രമവേള മറ്റ് എലിമെന്ററി സ്കൂളുകളിലേതിനേക്കാൾ ദൈർഘ്യമേറിയതായിരുന്നു. ടോമോയിൽ മൈതാനം പതിവുപോലെ



സജീവമായിരുന്നു. ചില കുട്ടികൾ പന്തുകളിയിൽ ഏർപ്പെട്ടിരിക്കുന്നു. കുറേപ്പേർ ഇരുമ്പുകമ്പികൾക്കിടയിലും ചവറ്റുകുട്ടയിലുമൊക്കെ കുത്തിമറിഞ്ഞു ശരീരം മുഴുവൻ വൃത്തികേടാക്കുന്നു. ചെടികൾക്കിടയിൽ ഇരുന്നു നിന്നു പൂക്കളെ പരിചരിക്കുകയായിരുന്നു ചിലർ. ഏതാനും ചില മുതിർന്ന പെൺകുട്ടികൾ കൽപ്പടവുകളിലിരുന്നു വെറുതെ ചിലയ്ക്കുക മാത്രം ചെയ്തു. മറ്റു ചിലർ മരത്തിൽ അള്ളിപ്പിടിച്ചു കയറി. കുട്ടികൾ യഥേഷ്ടം തങ്ങളുടെ കുതൂഹലങ്ങളിലായിരുന്നു."

(ടോട്ടോച്ചാൻ - തെത്സുകോ കുറോയാനഗി)

A) മാസ്റ്റർ എന്താണ് കരുതിയത്?
( കുട്ടികൾ നന്നായി പഠിക്കണമെന്ന്,
കുട്ടികൾ ഉറങ്ങണമെന്ന്,
സ്വതന്ത്രമായി ഇഷ്ടമുള്ളതിൽ മുഴുകാൻ കുട്ടികൾക്ക് സമയം ലഭിക്കണമെന്ന്
കുട്ടികൾ സംസാരിക്കണമെന്ന്)

(B) ഇതിൽ പറയുന്ന എലിമെന്ററി സ്കൂളിന്റെ പേരെന്ത്?
(ടോമോയോ, ടൈഗർ, റ്റോമോ, റ്റോയ്)

(C) സ്കൂളിലെ വിശ്രമവേളയിൽ കുട്ടികൾ കളിച്ച കളി എന്തായിരുന്നു
(ക്രിക്കറ്റ്, ചെസ്സ് കളി, പന്തുകളി, കബഡി കളി)

d) "ഇഷ്ടം പോലെ" – എന്നർത്ഥത്തിൽ ഈ ബാലികയിൽ കാണുന്ന പദമേത്?
(യഥാവിധി, യഥാകാലം, യഥേഷ്ടം, യഥാസമയം)

e) ശരീരമാകെ വൃത്തികേടാക്കാൻ കുട്ടികൾ ചെയ്തതെന്ത്?
(പൂന്തോട്ടത്തിൽ പണിയെടുത്തു, ചവറ്റുകുട്ടയിലും ഇരുമ്പുകമ്പിയിലും തൂങ്ങിയിറങ്ങി, മൈതാനത്തിൽ പന്തുകളിച്ചു, ചളിയിൽ വീണു)



2) പൂമ്പാറ്റച്ചിറക് നിങ്ങൾ കണ്ടിട്ടുണ്ടാകും. പൂന്തോട്ടത്തിൽ അനേകം

(a) പൂമ്പാറ്റകൾ പാറിവന്നു എന്നിരിക്കട്ടെ. നിങ്ങൾ ആ പ്രഭാതത്തിന്റെ ഭംഗി എങ്ങനെ വർണ്ണിക്കും? അതൊരു ചിത്രമായി വായിക്കുകയോ വാക്കുകൾ കൊണ്ട് കുറിച്ചെഴുതുകയുമാവാം. (4)

(b) "അന്നാദ്യമായി ആ അത്ഭുതനാദം ഞാൻ കേട്ടു" – അത്ഭുതനാദം കേട്ടത് എവിടെയാണ്? (1)

A) ലേഖകന്റെ വീട്ടുമുറ്റത്ത്
B) നാട്ടിലെ മൈതാനത്ത്
C) പെരിയാർ നദീതീരത്ത്
D) കാടിനുള്ളിലെ വിജനപ്രദേശത്ത്

(3) "നക്ഷത്രം" എന്ന കഥയിൽ ഒരു കുട്ടി കണ്ട സ്വപ്നത്തെ പറ്റി പറയുന്നുണ്ടല്ലോ. നിങ്ങളും സ്വപ്നം കാണുന്നവരല്ലേ? ആ സ്വപ്നത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക. (5)

4) താഴെ തന്നിട്ടുള്ള സൂചനകളും ചിത്രവും നോക്കി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

(a) ചിത്രം : ലളിതാംബിക അന്തർജനം, അഗ്നിസാക്ഷി

സൂചനകൾ
(പ്രശസ്തയായ കഥാകൃത്ത്, പ്രസിദ്ധമായ നോവൽ, അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി, മഹാന്മാരെ കുട്ടിക്കാലത്ത് തന്നെ പരിചയം, 1909–1987, വിശ്വരൂപം, അമ്മ, കൊന്നപ്പൂക്കുട്ടി - കൃതികൾ) (4)



(b) താഴെ തന്നിരിക്കുന്നവയിൽ മിന്നാമിനുങ്ങ് എന്നർത്ഥം വരുന്ന പദം ഏത്?
(തേജസ്സ്, ഖഗം, തേജസ്കീടം, ഭേകതാരൂപം)

(5) ലളിതാംബിക അന്തർജനത്തിന്റെ കഥയിലെ "നക്ഷത്രം" എന്തിനെ സൂചിപ്പിക്കുന്നു? കഥയിൽ

a) നിങ്ങൾ പരിചയപ്പെട്ട കഥാപാത്രങ്ങളെ ഉൾപ്പെടുത്തി പദക്കളം വരയ്ക്കുക. (4)

b) കഥകളിവേഷം, അല്ലാത്തത് ഏതാണ്? (1)
(പൊറാട്ട്, ചുവന്ന താടി, കത്തി, കരി)

(6) "എന്നുമീയാത്ര" എന്ന കവിതയിൽ തന്റെ ജീവിതയാത്രയെ കവി എങ്ങനെയെല്ലാം വിവരിക്കുന്നു എന്ന് മനസ്സിലായല്ലോ. നിങ്ങൾ പോയ ഒരു യാത്ര ഓർമ്മിച്ച് കുറിപ്പ് തയ്യാറാക്കൂ. (5)